**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1507** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>മലയാളം സർവകലാശാലയിലെ അനധ്യാപക തസ്തികകളിലെ നിയമനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. യു. ആർ. പ്രദീപ് ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** മുൻ സർക്കാർ മലയാളം സർവകലാശാലയിൽ പുതിയതായി സൃഷ്ടിച്ച പത്ത് അനധ്യാപക തസ്തികകളിൽ ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിലല്ലാതെ എത്ര തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇതിനായി സർക്കാരിൽ നിന്നും എന്തെങ്കിലും അനുമതി വാങ്ങിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** മലയാളം സർവകലാശാലയിലെ സ്റ്റാറ്റ്യൂട്ടുകളിൽ വ്യവസ്ഥ ചെയ്തിരിക്കും പ്രകാരം അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ തസ്തികയിൽ നിന്നും ഒരാളെ സെക്ഷൻ ഓഫീസർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകി നിയമിച്ചിട്ടുണ്ട്. മറ്റ് 9 തസ്തികകളിലേയ്ക്കും അന്യത്ര സേവനം വഴിയാണ് നിയമനം നടത്തിയിട്ടുള്ളത്.

**(ബി)** മലയാളം സർവകലാശാലയിൽ നിലവിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ആളുകളെ സ്ഥിരപ്പെടുത്താനുള്ള നീക്കമുണ്ടോ; ഇതിനായി സർവകലാശാല സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** ഇല്ല. മലയാളം സർവകലാശാലയുടെ ആരംഭത്തിൽ സേവനത്തിൽ ചേരുകയും ഇപ്പോഴും തുടരുന്നതുമായ കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് സർവകലാശാല സർക്കാരിനോട് ശുപാർശ ചെയ്തിരുന്നുവെങ്കിലും സർക്കാർ അനുമതി നൽകിയിട്ടില്ല.

**സെക്ഷൻ ഓഫീസർ**